## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2117 — 17.02.2016-ലെ മറുപടിയ്ക്ക്

### നന്മ സ്റ്റോറുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി.കെ.കെ.ലതിക | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കൺസ്യൂമർ ഫെഡിന്റെ കീഴിൽ എത്ര നന്മ സ്റ്റോറുകൾ ആരംഭിച്ചുവെന്നും അവയിൽ എത്ര എണ്ണം ഇപ്പോൾ പ്രവർത്തിച്ച് വരുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | കൺസ്യൂമർഫെഡിന്റെ കീഴിൽ 892 നന്മ സ്റ്റോറുകളാണ് ആരംഭിച്ചത്. അവയിൽ ഇപ്പോൾ 771 എണ്ണം പ്രവർത്തിച്ച് വരുന്നുണ്ട്. |
| (ബി) | നന്മ സ്റ്റോറുകൾ വഴി നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ വില നിലവാരം വിശദമാക്കുമോ; | (ബി) | നന്മ സ്റ്റോറുകൾ മുഖാന്തിരം സർക്കാർ സബ്സിഡിയോടെ ഉത്സവ കാലഘട്ടങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ നൽകി വരുന്നുണ്ട്. അതായത് ഉത്സവ കാലങ്ങളിൽ സപ്ലൈകോയുടെ സബ്സിഡി വിപണന മേളകളിൽ വിപണനം നടത്തുന്ന അതേ നിരക്കിലാണ് നന്മ സ്റ്റോറുകൾ വഴിയുള്ള വിപണികളും വിൽപ്പന നടത്തുന്നത്. ഉത്സവകാലങ്ങളിൽ ഒഴികെ മറ്റുള്ള കാലയളവുകളിൽ പൊതു വിപണി വിലയെക്കാൾ കുറഞ്ഞ നിരക്കിലാണ് നന്മ സ്റ്റോറുകളിലൂടെ സാധനങ്ങൾ വിപണനം നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ